(ബി) സംസ്ഥാനത്തെ നദികളിൽ നിന്നും കടലിലേക്ക് മിച്ച ജലം ഒഴുകിപ്പോകുന്നില്ല. വൈദ്യുതി ഉല്പാദനം, ജലസേചനം, ഗാർഹിക, ഗാർഹികേതര ആവശ്യങ്ങൾ തുടങ്ങിയവയ്ക്ക് ജലം ഉപയോഗിച്ചതിനുശേഷം കുറച്ചുജലം കടലിലേക്ക് ഒഴുകിപ്പോകുന്നുണ്ട്. ഇതിന്റെ അളവ് കണക്കാക്കിയിട്ടില്ല. ഉപ്പുവെള്ളം കയറുന്നതിനുള്ള സാദ്ധ്യത ഒഴിവാക്കുവാനും പരിസ്ഥിതി സന്തുലനം (Environmental and Ecological balance) നിലനിർത്തുന്നതിനു വേണ്ടിയും ജലം ഒഴുകിപ്പോകാൻ അനുവദിക്കേണ്ടതുണ്ട്.

(സി) കൂടുതൽ ജലം ഉപയോഗിക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ പരിഗണനയിലുണ്ട്.

ചെമ്മീനുകളിൽ രാസവസ്തുക്കളുടെ അതിപ്രസരം

15 (*550) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. കെ. മോഹൻ കുമാർ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. മുരളി :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു നിന്ന് കയറ്റി അയയ്ക്കുന്നതിനും ഫാമുകളിൽ വളർത്തപ്പെടുന്നതുമായ ചെമ്മീനുകളിൽ രാസവസ്തുക്കളുടെ അതിപ്രസരം കാണപ്പെടുന്നുണ്ടോ ;

(ബി) ഫാമിൽ വളർത്തുന്ന ചെമ്മീനുകളിൽ രാസവസ്തുക്കൾ അനുവദനീയമായ പരിധിയിലും കൂടാതിരിക്കുന്നതിന് എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചെമ്മീൻ ഫാമുകളിലും മത്സ്യവിത്തുൽപ്പാദന കേന്ദ്രങ്ങളിലും കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുള്ള ആന്റിബയോട്ടിക്കുകളും മറ്റു മരുന്നുകളും ഉപയോഗിക്കുന്നത് കർശനമായി വിലക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച അറിയിപ്പുകൾ ചെമ്മീൻ കർഷകർക്ക് നൽകുകയും കർഷക സംഗമങ്ങളിലൂടെയും സെമിനാറുകളിലൂടെയും ബോധവൽക്കരണം നടത്തിവരുകയും ചെയ്യുന്നു. അമിത അളവിലുള്ള കീടനാശിനി പ്രയോഗവും ആന്റിബയോട്ടിക്കുകളുടെ ഉപയോഗവും നിയമംമൂലം തടയുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുവാൻ മത്സ്യമേഖലാ പരിപാലന നയം 2004-ൽ തീരുമാനം എടുത്തിട്ടുണ്ട്. കൂടാതെ കൂടെക്കൂടെ പരിശോധനകൾ നടത്തി ഫാമുകളിൽ ഉപയോഗിക്കുന്ന ആഹാരവസ്തുക്കളുടേയും മരുന്നുകളുടേയും ഗുണനിലവാരം ഉറപ്പുവരുത്തുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly